"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

നമ്പർ.ജെ3/89/2021/പൊ.വി.വ 14/09/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,

തിരുവനന്തപുരം

സർ,

വിഷയം:- പൊ.വി.വ - സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിൽ പൂളിങ് അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പ്രൊബേഷൻ, കെ -ടെറ്റ് യോഗ്യത, പി എഫ് എന്നിവ സംബ

സൂചന:- 1. 26.02.2021 ലെ സ.ഉ.(കൈ)നമ്പർ.130/2021/പൊ.വി.വ നമ്പർ കത്ത്

2..താങ്കളുടെ 07.09.2021 തീയതിയിലെ എച്ച്4/1716/2021/ഡി.ജി.ഇ നമ്പർ കത്ത്

സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിൽ പൂളിങ് അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പ്രൊബേഷൻ, കെ -ടെറ്റ് യോഗ്യത, പി എഫ് എന്നിവ സംബന്ധിച്ച് ചുവടെ പറയുന്ന സ്പഷ്ടീകരണം ലഭ്യമാക്കുന്നു.

(a) **കെ -ടെറ്റ്**

25.07.2012 ലെ സ.ഉ.(പി)244/12/പൊ.വി.വ ഉത്തരവ് പ്രകാരം 31.03.12 ന് മുൻപ് നിയമിക്കപ്പെട്ടവരെ കെ ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യം പരിഗണിച്ച്, പൂളിങ് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സ്പെഷ്യലിസ്റ്റ് അധ്യാപകർ 31.03.12 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ചവരാണെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് അവരെ കെ -ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

(b) **പ്രൊബേഷൻ**

പൂളിങ് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് നിയമന അംഗീകാരം നൽകിയതിന് ശേഷം വരുന്ന തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷത്തെ ഡ്യൂട്ടി കെ ഇ ആർ അധ്യായം 14 എ ചട്ടം 6 (എ) യിലെ വ്യവസ്ഥകൾ പ്രകാരം തികയുന്ന മുറയ്ക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടതാണ്. അതുകൊണ്ട് നിയമന അംഗീകാരം നൽകിയ ഉപജില്ലാ

/ജില്ലാ വിദ്യാഭ്യാസ ഓഫീസറാണ് അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടത് എന്നു വ്യക്തമാക്കുന്നു.

പി എഫ് അംഗത്വം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ചിത്ര കെ ദിവാകരൻ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by Parvathy. S.a
Date: 14-09-2021 12:40:41
Reason: Approved

സെക്ഷൻ ഓഫീസർ.